# Athmaraksha.org

വിശുദ്ധരുടെ ജീവചരിത്രം

## വിശുദ്ധ ഹെലെന



ലോകം മുഴുവനുമുള്ള വിശ്വാസികൾ അവരുടെ ഇന്നത്തെ ജീവിതാവസ്ഥക്ക് കടപ്പെട്ടിരിക്കുന്ന മഹാനായ കോൺസ്ററന്റൈൻ ചക്രവർത്തിയുടെ അമ്മയാണ് ഹെലെന.റോമൻ ഭരണാധികാരിയായിരുന്ന കോൺസ്റ്റെന്റിയസ് ക്ലോറസിന്റെ ഭാര്യ, മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കുന്നതിനുവേണ്ടി കോൺസ്റ്റെന്റിയസ് ഹെലെനയെ ഉപേക്ഷിച്ചു. അധികാരമോഹിയായ ആ മനുഷ്യൻ കൂടുതൽ സ്ഥാനമാനങ്ങൾക്കുവേണ്ടിയാണ് മറ്റൊരു വിവാഹം കഴിക്കാൻ തീരുമാനിച്ചത്. കോൺസ്റ്റെന്റിയസിന്റെ മരണശേഷം ഹെലെനയുടെ പുത്രനായ കോൺസ്റ്റെന്റൈൻ സിംഹാസനം ഏറ്റെടുത്തു. അമ്മയെ കൊട്ടാരത്തിലേക്ക് തിരിച്ചുകൊണ്ടുവരികയാണ് അദ്ദേഹം ആദ്യം ചെയ്ത പ്രവൃത്തി.

ഹെലെന ആദ്യം ക്രിസ്തുമത വിശ്വാസിയായിരുന്നില്ല. പിന്നീട് മകൻ കോൺസ്റ്റന്റൈൻ ക്രിസ്തുമതത്തെ പ്രോത്സാഹിപ്പിക്കുവാൻ തുടങ്ങിയതോടെയാണ് ഹെലെന യേശുവിനെക്കുറിച്ച് കേൾക്കുന്നത്. അടിയുറച്ച ക്രിസ്തുമതവിശ്വാസിയായി ഹെലെന വേഗം മാറി. ദൈവത്തെ അവൾ ഹൃദയത്തിൽ തൊട്ടറിഞ്ഞു. കോൺസ്റ്റന്റൈൻ ചക്രവർത്തി റോമാ സാമ്രാജ്യത്തിന്റെ പ്രധാനനഗരങ്ങളിലെല്ലാം ദേവാലയങ്ങൾ സ്ഥാപിച്ചു. പുരോഹിതർക്ക് പ്രത്യേക പദവികൾ സമൂഹത്തിൽ ഉണ്ടാക്കിയതും അദ്ദേഹമാണ്. നാലാം നൂറ്റാണ്ടിൽ കോൺസ്റ്റന്റൈൻ ചക്രവർത്തിയുടെ കാലത്താണ് ആദ്യത്തെ സെന്റ് പീറ്റേഴ്സ് ബസിലിക്ക നിർമ്മിക്കപ്പെടുന്നത്. യേശുവിനെ അടിയുറച്ച് സ്നേഹിച്ച ഹെലെന അവിടുത്തെ ആണികളിട്ടു തറച്ചുകൊന്ന കുരിശുതേടി ജറുസേമിലേക്ക് യാത്ര നടത്തിയ കഥ ഏറെ പ്രസിദ്ധമാണ്. ക്രൈസ്തവ വിശ്വാസികളായ ഒരു പറ്റം ആളുകളുമായി തന്റെ എൺപതാംവയസ്സിൽ ഹെലെന വിശുദ്ധ നാട്ടിലേക്ക് പോയി. യേശുവിനെ കുരിശിൽ തറച്ച സ്ഥലത്തു മണ്ണിൽ കൂടി കിടന്ന മൂന്നു മരക്കുരിശുകൾ അവർ കണ്ടെത്തി. എന്നാൽ ഇവയിൽ ഏതു കുരിശിലാണ് യേശുവിനെ തറച്ചതെന്ന് തിരിച്ചറിയാൻ അവർക്കായില്ല.

മാറാവ്യാധി പിടിപെട്ട് അവശയായി കിടന്നിരുന്ന ഒരു സ്ത്രീയുടെ കൈകളിലേക്ക് ഹെലെന ഈ കുരിശുകൾ ഓരോന്നായി കൊടുത്തു. മൂന്നാമത്തെ കുരിശിൽ തൊട്ട നിമിഷം അവളുടെ രോഗം സുഖപ്പെട്ടു. യേശുവിനെ തറച്ചുകൊന്ന കുരിശ് അങ്ങനെ ഹെലെന കണ്ടെത്തി. ഈ സ്ഥലത്ത് ഹെലെനയുടെ നിർദ്ദേശപ്രകാരം ഒരു ദേവാലയം പണികഴിപ്പിച്ചു. ഹെലെനയെ ചിത്രകാരൻ പകർത്തിയപ്പോഴെല്ലാം അവളുടെ കൈയിൽ ഈ കുരിശ് വരയ്ക്കുമായിരുന്നു.

വിശുദ്ധ ഹെലെന, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ...